ആരോഗ്യവകുപ്പിലെ ഫീൽഡുവിഭാഗം ജീവനക്കാർ

33 (3464) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ ആരോഗ്യവകുപ്പിൽ ഏതെല്ലാം ഫീൽഡുവിഭാഗം ജീവനക്കാരുടെ എത്ര പുതിയ തസ്തികളാണ് സൃഷ്ടിച്ചത് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) എത്ര പുതിയ PHC, CHC കൾ ആണ് രൂപീകരിച്ചിട്ടുള്ളതെന്ന് അറിയി ക്കാമോ ;

(സി) ഏതെല്ലാം വിഭാഗം ജീവനക്കാരെയാണ് താൽക്കാലികമായി നിയമിച്ചിട്ടുള്ളത് ; ഇവരുടെ എണ്ണം എത്ര വീതമാണെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) 118 തസ്തികകൾ.

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II

തിരുവനന്തപുരം	16
കൊല്ലം	8
പത്തനംതിട്ട	5
ആലപ്പുഴ	16
കോട്ടയം	8
ഇടുക്കി	12
എറണാകുളം	5
തൃശ്ശൂർ	8
പാലക്കാട്	8
മലപ്പുറം	7
കോഴിക്കോട്	8
വയനാട്	5
കണ്ണൂർ	5
കാസർഗോഡ്	5

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ലേഡി ഹെൽത്ത് ഇൻസ്പെക്ടർ

കോട്ടയം - 1

ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് I

കോട്ടയം - 1

(ബി) പുതിയതായി 25 പി.എച്ച്.സി.കളും 7 സി.എച്ച്.സി.കളും രൂപീകരിച്ചിട്ടുണ്ട്.

(സി) ഡോക്ടേഴ്സ് - 4

സ്റ്റാഫ് നഴ്സ് - 100

ഫാർമസിസ്റ്റ് - 28

ലാബ് ടെക്നീഷ്യൻ - 20

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ - 188

സ്വീപ്പർ - 56

ക്ലീനിംഗ് സ്റ്റാഫ് - 235

ഭക്ഷ്യ എണ്ണയിൽ മായം

34 (3465) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ വിൽക്കപ്പെടുന്ന ഭക്ഷ്യ എണ്ണയിൽ മിനറൽ ഓയിൽ എന്ന പെട്രോളിയം ഉത്പന്നം ചേർത്ത് വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇങ്ങനെ മായം ചേർത്ത് വിൽക്കുന്ന ബ്രാൻഡുകൾ നിരോധിക്കുന്നതിനും ഇതിന് ഉത്തരവാദികളായവരെ മാതൃകാപരമായി ശിക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) മായം ചേർന്നതിനാൽ ഒരു പേരിലുള്ള ഭക്ഷ്യ എണ്ണ നിരോധിച്ചാൽ എണ്ണയുടെ ഉത്പാദകർ മറ്റൊരു പേരിൽ മായം കലർത്തിയ എണ്ണ വിപണിയിൽ ഇറക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?